## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3503

24.06.2013 ന് മറുപടിയ്ക്ക്

### പരവൂരിൽ പ്രവർത്തിക്കുന്ന ഫയർസ്റ്റേഷന് കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). | കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന് സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലായെന്നും, പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; | എ) | ലഭിച്ചിരുന്നു. |
| ബി) | പ്രസ്തുത ആവശ്യത്തിന്മേൽ പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ പ്രാഥമിക പരിശോധനയും, റിപ്പോർട്ടുകളും ലഭിച്ച് 2 വർഷം പിന്നിട്ടിട്ടും യാതൊരു നടപടികളും സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | പോലീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി ഈ വകുപ്പിന് കൈമാറ്റം ചെയ്തു ലഭിക്കുന്നതിന് പോലിസ് വകുപ്പിന്റെ സമ്മതപത്രം ആവശ്യമായതിനാൽ സമ്മതപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| സി) | ഭൂമി ലഭ്യമാക്കുവാനുള്ള തുടർ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലുള്ള കുറ്റകരമായ കാലതാമസം ഒഴിവാക്കാൻ നടപടിയെടുക്കുമോ; ഈ കാര്യത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | സി) | ഫയർ & റെസ്ക്യൂ സർവ്വീസ്സസ് ആസ്ഥാന ആഫീസിലെ കത്ത് നമ്പർ ഡി1-9312/2009, തീയതി: 3.4.2010, 7.2.2011, 11.7.2011 എന്നീ തീയതികളിൽ പോലീസ് മേധാവിയോട് ടി സ്ഥലം വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകുന്നതിന് അഭ്യർത്ഥിക്കുകയും 30.6.2012-ലെ കത്ത് നമ്പർ. |

ഡി1-9312/2009 പ്രകാരം തിരുവനന്തപുരം ഫയർ & റെസ്ക്യൂ സർവ്വീസ്സസ് ഡിവിഷണൽ ആഫീസറെ പോലിസ് മേധാവിയുമായി നേരിട്ട് ബന്ധപ്പെടുന്നതിന് ചുമതലപ്പെടുത്തിയിട്ടും ഉണ്ട്.

സെക്ഷൻ ഓഫീസർ